**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 613 | 29.11.2018 ൽ മറുപടിക്ക്

# ഖാദി തൊഴിലാളികൾക്ക് മിനിമം കൂലി

**ചോദ്യം**

ശ്രീ.സി.കൃഷ്ണൻ

**ഉത്തരം**

ശ്രീ. ഇ. പി. ജയരാജൻ
(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| | ഖാദി തൊഴിലാളികൾക്ക് പുതുക്കി നിശ്ചയിച്ച മിനിമം കൂലി നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | | ഖാദി തൊഴിലാളികളുടെ നിലവിലുള്ള മിനിമം വേതനം 03/08/2018 ലെ സ.ഉ. (അച്ചടി) നം 64/2018/തൊഴിൽ സർക്കാർ ഉത്തരവ് പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. ആയത് എസ്.ആർ.ഒ. നമ്പർ 543/2018 പ്രകാരം 06/09/2018 ൽ കേരള ഗസറ്റിൽ അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം പുതുക്കിയ മിനിമം വേതനം 06/09/2018 മുതൽ നിലവിൽ വന്നിട്ടുണ്ട്. നിലവിലുള്ള നിരക്കിൽ നിന്നും ശരാശരി 40% വർദ്ധനവ് ഓരോ തൊഴിലാളിക്കും ഉണ്ടാകുന്ന വിധമാണ് പരിഷ്കരണമുണ്ടായിട്ടുള്ളത്. മിനിമം വേതന പരിഷ്കരണത്തിലൂടെ ഉണ്ടായിട്ടുള്ള വലിയ സാമ്പത്തിക ബാദ്ധ്യതയാണ് ഖാദി ബോർഡിനും ഖാദി സ്ഥാപനങ്ങൾക്കും ഉണ്ടായിട്ടുള്ളത്. ഈ സാമ്പത്തിക ബാദ്ധ്യത വഹിക്കാൻ ഖാദി ബോർഡിനോ ഖാദി സ്ഥാപനങ്ങൾക്കോ കഴിയുന്ന സ്ഥിതിയല്ല നിലവിലുള്ളത്.<br>സംസ്ഥാന സർക്കാരിന്റെ ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം ലഭിക്കുന്ന തുക |

| | | | |
|---|---|---|---|
| | | | പ്രയോജനപ്പെടുത്തിയാണ് ഖാദി തൊഴിലാളികൾക്ക് മിനിമം വേതനം നടപ്പിലാക്കി വരുന്നത്. ഫണ്ട് ലഭ്യത ഉറപ്പുവരുത്തി മാത്രമേ തൊഴിലാളികൾക്ക് പുതുക്കിയ നിരക്കിൽ മിനിമം വേതനം വിതരണം ചെയ്യുന്നതിന് സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ